"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പ്- ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ്- പൊതു മേഖലാ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം (ക്ലാസിഫിക്കേഷൻ)- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആസൂത്രണ സാമ്പത്തികകാര്യ (ബി.പി. ഇ.) വകുപ്പ്**

സ.ഉ.(അച്ചടി) നം.17/2024/P&EA                                        തീയതി,തിരുവനന്തപുരം, 09-10-2024

---

1 29.10.2022 ലെ സ.ഉ.(അ) നം. 131/2022/ധന.

2. 20.09.2023 ലെ സ. ഉ. (അ) നം. 18/2023/ P&EA

3. 15/03/2024 ലെ സ. ഉ(അ) നം. 9/2024 / P&EA

4 31/07/2024 ൽ കൂടിയ പബ്ലിക് എന്റർപ്രൈസസ് ബോർഡ് യോഗത്തിന്റെ മിനിട്ട്സ്.

<u>ഉത്തരവ്</u>

പരാമർശം (1) ലെ ഉത്തരവു പ്രകാരം പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പൊതുവായ ഒരു ശമ്പള പരിഷ്ക്കരണ ചട്ടക്കൂട് നിഷ്കർഷിച്ച് താഴെ പറയുന്ന ഏഴ് ഘടകങ്ങളുടെ അടിസ്ഥാനത്തിൽ വർഗ്ഗീകരണം (ക്ലാസിഫിക്കേഷൻ)നടത്തുന്നതിന് ഉത്തരവായിരുന്നു.

1. Net Worth
2. Turn Over
3. No of Employees
4. Revenue per employee
5. Sales/Capital Employed
6. Profit Before Tax
7. Investment (Financial)

കൂടാതെ സ്ഥാപനങ്ങളുടെ പ്രവർത്തനമേഖലയുടെ സ്വഭാവമനുസരിച്ച് താഴെ പറയുന്ന ആറു വിഭാഗങ്ങളായും തരം തിരിച്ചിരുന്നു.

1. നിർമ്മാണവും ഉത്പാദനവും (Manufacturing & Production)
2. വികസനവും അടിസ്ഥാനസൗകര്യങ്ങളും ( Development & Infrastructure)
3. ധനകാര്യ സേവനങ്ങൾ (Financial Services)

4. സേവനം/വ്യാപാരം/കൺസൾട്ടൻസി (Service/Trading/Consultancy)
5. കൃഷി/തോട്ടം/കന്നുകാലി (Agriculture/Plantation/Livestock)
6. പരമ്പരാഗതം/ക്ഷേമപ്രവർത്തനം ( Traditional and Welfare)

2. സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളെ അവർ കരസ്ഥമാക്കിയ ആകെ സ്കോറിന്റെ അടിസ്ഥാനത്തിൽ താഴെ പറയുന്ന A,B,C,D എന്നീ നാല് പട്ടിക/ വർഗ്ഗം (Schedule/ Category) പ്രകാരമാണ് തരം തിരിക്കുന്നത്.

| ക്രമ നമ്പർ | സ്കോർ | പട്ടിക/വർഗ്ഗം | ബ്രാൻഡ് |
|---|---|---|---|
| 1 | 80 ഉം അതിനു മുകളിലും | A | വജ്രം |
| 2 | 60 ഉം അതിനു മുകളിലും എന്നാൽ 80 നു താഴെ | B | സ്വർണ്ണം |
| 3 | 40 ഉം അതിനു മുകളിലും എന്നാൽ 60 നു താഴെ | C | വെള്ളി |
| 4 | 40 നു താഴെ | D | വെങ്കലം |

3. മേൽ പരാമർശത്തിലെ 2ഉം 3ഉം സർക്കാർ ഉത്തരവുകൾ പ്രകാരം സംസ്ഥാനത്തെ 42 പൊതുമേഖലാ സ്ഥാപനങ്ങളെ A,B,C,D എന്നിങ്ങനെ നാല് പട്ടിക/വർഗ്ഗം തിരിച്ച് ഉത്തരവായിരുന്നു.

4. വർഗ്ഗീകരണത്തിനാവശ്യമായ വിശദാംശങ്ങൾ ഇപ്പോൾ സമർപ്പിച്ച പൊതുമേഖലാ സ്ഥാപനങ്ങളായ കെൽട്രോൺ ഇലക്ട്രോ സെറാമിക്സ് ലിമിറ്റഡ്, ബേക്കൽ റിസോർട്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ ലിമിറ്റഡ് എന്നിവയുടെ വർഗ്ഗീകരണത്തിന് പബ്ലിക് എന്റർപ്രൈസസ് ബോർഡ് (പി.ഇ.ബി) പരാമർശം (4) പ്രകാരം അംഗീകാരം നൽകുകയുണ്ടായി.

5. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ മുൻ ഖണ്ഡികയിൽ പരാമർശിച്ച 3 (മൂന്ന്) പൊതുമേഖലാ സ്ഥാപനങ്ങളെ അവർ കരസ്ഥമാക്കിയ സ്കോറിന്റെ അടിസ്ഥാനത്തിൽ ഈ ഉത്തരവിന്റെ അനുബന്ധം പ്രകാരം തരം തിരിച്ച് ഉത്തരവാകുന്നു. പ്രസ്തുത സ്ഥാപനങ്ങളുടെ വർഗ്ഗീകരണം ശമ്പള പരിഷ്കരണം നിർണ്ണയിക്കാനുള്ള മാനദണ്ഡം ആയിരിക്കും. നിലവിൽ 45 പൊതുമേഖലാ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം പൂർത്തിയായിട്ടുണ്ട്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രത്തൻ യു കേൽക്കർ ഐ എ എസ്
സെക്രട്ടറി

പ്രിൻസിപ്പൽ സെക്രട്ടറി, ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ വകുപ്പ്
സെക്രട്ടറി, ടൂറിസം വകുപ്പ്
മാനേജിംഗ് ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ (അനുബന്ധത്തിലെ 3 പൊതുമേഖലാ സ്ഥാപനങ്ങൾ )
ധനകാര്യ ( പി. ആർ.സി. (സി) ) വകുപ്പിന്
വ്യവസായം, കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാന്റ് നാവിഗേഷൻ, ടൂറിസം എന്നീ ഭരണ വകുപ്പുകൾക്ക്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് / എ&ഇ), കേരളം, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ ) വകുപ്പിന് ( സർക്കാർ വെബ് സൈറ്റിൽ അപ് ലോഡ് ചെയ്യുന്നതിന് )
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക് (പത്രമാധ്യമങ്ങളിലൂടെ വിപുലമായ പ്രചരണത്തിന് )
കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

പകർപ്പ്:
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. നിയമവും വ്യവസായവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. പൊതുമാരാമത്തും ടൂറിസവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ആസൂത്രണസാമ്പത്തികകാര്യ വകുപ്പ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

ഉത്തരവിൻ പ്രകാരം

Signed by
Neelima G
Date: 10-10-2024 11:12:26
സെക്ഷൻ ഓഫീസർ

# പൊതുമേഖലാ സ്ഥാപനങ്ങളുടെ വർഗ്ഗീകരണം.

| ക്രമ.നം. | പൊതുമേഖലാ സ്ഥാപനത്തിന്റെ പേര് | പട്ടിക /വർഗ്ഗം | ബ്രാൻഡ് |
|---|---|---|---|
| | വിഭാഗം- നിർമ്മാണവും ഉത്പാദനവും<br>Sector □ Manufacturing and Production -M&P | | |
| 1 | Keltron Electro Ceramics Limited (KECL) | D | വെങ്കലം |
| | വിഭാഗം- വികസനവും അടിസ്ഥാന സൗകര്യങ്ങളും<br>Sector □ Development & Infrastructure - D&I | | |
| 2 | Bakel Resorts Development Corporation Limited (BRDC) | D | വെങ്കലം |
| | വിഭാഗം- സേവനങ്ങൾ/ വ്യാപാരം/ കൺസൾട്ടൻസി<br>Sector □ Services/ Trading/ Consultancy - S/ T/ C | | |
| 3 | Kerala Shipping and Inland Navigation Corporation Ltd (KSINC) | D | വെങ്കലം |